روضة الخطباء

# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## വഴികളിലുള്ള മര്യാദകൾ

02/12/2022

sufaraulislam.com

بسم الله الرحمن الرحيم

ഇസ്ലാം മര്യാദകൾ പഠിപ്പിച്ച മതമാണ്. അദബുകൾക്ക് ഇസ്ലാമിൽ വലിയ പ്രാധാന്യമുണ്ട്.

**ഉമർ (റ) പറഞ്ഞു;**

وقال عمر رضي الله عنه تأَدَّبُوا ثُمَّ تَعَلَّمُوا. മര്യാദകൾ പഠിക്കുക. എന്നിട്ട് അറിവ് നേടുക.

**ഇമാം മാലിക് ഇബ്നുഅനസ് (റഹി) പറഞ്ഞു:** സഹോദരാ, താങ്കൾ അറിവ് അഭ്യസിക്കുന്നതിനു മുമ്പായി അദബ് അറിഞ്ഞു മനസിലാക്കുക.'

**അബ്ദുല്ലാഹിബ്നുൽ മുബാറക് (റഹി) പറഞ്ഞു;**

وقال عبد الله بن المبارك لا يَنْبُلُ الرَّجُلُ بِنَوعٍ مِنَ العِلْمِ مَا لَمْ يُزَيِّنْ عِلْمَهُ بِالأَدَبِ.

ഒരാൾ എത്ര അറിവു നേടിയാലും സമർത്ഥനാവുകയില്ല. തന്റെ അറിവിനെ അദബു കൊണ്ട് അലങ്കരിക്കാത്തിടത്തോളം.

**അഹ്നഫ് ബ്നു ഖൈസ് (റഹി) പറഞ്ഞു:**

وقال الأحنف بن قيس: "الأدب نورُ العَقْل، كَمَا أَنَّ النَارَ نورُ البَصَر

അദബ് ബുദ്ധിയുടെ പ്രകാശമാണ്. തീ (കണ്ണിന്) വെളിച്ചം നൽകുന്നത് പോലെ

**ഇമാം അബ്ദുല്ലാഹ് ഇബ്നുൽമുബാറക് (റഹി) പറഞ്ഞു:**

വല്ലവനും അദബിൽ അലസനായാൽ സുന്നത്തുകൾ തടയപ്പെടൽ കൊണ്ട് അവൻ ശിക്ഷിക്കപ്പെടും. വല്ലവനും സുന്നത്തുകളിൽ അലസനായാൽ അവൻ നിർബന്ധബാധ്യ തകൾ തടയപ്പെടൽ കൊണ്ടും ശിക്ഷിക്കപ്പെടും.

**അദബുകൾ നാം പഠിക്കേണ്ടതുണ്ട്.**

**ഇന്ന് വഴികളും ചില മര്യാദകളും എന്നതാണ് വിഷയം.**

വഴികളോടും വഴികളിലൂടെ നടക്കുമ്പോഴും നാം പാലിക്കേണ്ട ധാരാളം മര്യദകൾ നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

**വഴികൾ നമ്മുടെത് മാത്രമല്ല.**

- നമുക്ക് വഴികളിൽ അവകാശമുള്ളതു പോലെ മറ്റുള്ളവർക്കും അവകാശ ങ്ങൾ ഉണ്ട് എന്നത് മറക്കരുത്.
- നമ്മുടെ വീടും പരിസരവും എത്ര വൃത്തിയെടെ നാം കൊണ്ടു നടക്കുമോ അതു പോലെ വഴികളും കൊണ്ടു നടക്കാൻ നാം ശ്രദ്ധിക്കണം.
- വഴികൾ മലിനമാക്കുക എന്നത് വലിയ കുറ്റമാണ്.

❖ **വഴികളിലെ ഇരിപ്പിടങ്ങൾ വെടിയുക.**

അബൂ ത്വൽഹ (റ) ഉദ്ധരിക്കുന്ന ഹദീസ്

كُنّا قُعُوداً بِالأَفْنِيَةِ نَتَحَدّثُ، فَجَاءَ رَسُولُ اللهِ ﷺ فَقَامَ عَلَيْنَا، فَقَالَ: مَا لَكُمْ وَلِمَجَالِسِ الصّعُدَاتِ؟ اجْتَنِبُوا مَجَالِسَ الصّعُدَاتِ فَقُلْنَا: إِنّمَا قَعَدْنَا لِغَيْرِ مَا بَأْسٍ، قَعَدْنَا نَتَذَاكَرُ وَنَتَحَدّثُ.....

ഞങ്ങൾ വീട്ടുമുറ്റത്ത് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ നബി (സ്വ) വരികയും ഞങ്ങൾക്കരികിൽ നിൽകുകയും ചെയ്തു. നബി (സ്വ) പറഞ്ഞു: വഴികളിലെ ഇരിപ്പിടങ്ങളിൽ നിങ്ങൾ ഇരിക്കുന്നു. നിങ്ങൾക്കെന്തു പറ്റി? വഴികളിലെ ഇരിപ്പിടങ്ങൾ നിങ്ങൾ വെടിയുക. ഞങ്ങൾ പറഞ്ഞു: കുറ്റകരമല്ലാത്ത നിലക്കുമാത്രമാണ് ഞങ്ങൾ ഇരുന്നത്. പരസ്പരം ഉൽബോധനം നടത്തിയും സംസാരിച്ചും മാത്രമാണ് ഞങ്ങൾ ഇരുന്നത്... (മുസ്ലിം)

❖ **വഴികൾക്ക് അവകാശമുണ്ട്**

അബൂസഈദിൽ ഖുദ് രി (റ) വിൽ നിന്നും നിവേദനം

إِيَّاكُمْ وَالجُلُوسَ بِالطُّرُقَاتِ. فَقَالُوا: يَا رَسُولَ اللهِ، مَا لَنَا مِنْ مَجَالِسِنَا بُدٌّ نَتَحَدَّثُ فِيهَا، فَقَالَ: فإِذْ أَبَيْتُمْ إِلا المَجْلِسَ فَأَعْطُوا الطَّرِيقَ حَقَّهُ....

വഴികളിൽ ഇരിക്കുന്നത് നിങ്ങൾ സൂക്ഷിക്കുക. അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾക്ക് സംസാരിച്ചിരിക്കുവാൻ സദസ്സുകൾ അനിവാര്യമാണ്. നബി (സ്വ) പറഞ്ഞു: ഇരിക്കാതിരിക്കൽ നിങ്ങൾ വിസമ്മതിച്ചിരിക്കെ വഴിയുടെ അവകാശം നിങ്ങൾ നൽകുക.(ബുഖാരി)

**1. സലാം മടക്കൽ**

വഴിയുടെ അവകാശങ്ങൾ അറിയിക്കുന്ന അബൂത്വൽഹഃ (റ) വിൽ നിന്നുള്ള ഹദീഥിൽ

....فَأَدّوا حَقّهَا: .....وَرَدّ السّلاَمِ (مسلم)

എന്നാൽ നിങ്ങൾ വഴികൾക്ക് അതിന്റെ അവകാശങ്ങൾ നൽകുക....സലാം മടക്കുക.

അബൂസഈദിൽ ഖുദ്രി (റ) വിൽ നിന്നുള്ള നിവേദനത്തിൽ

قَالُوا: وَمَا حَقُّ الطَّرِيقِ يَا رَسُولَ اللهِ؟ قال: .....وَرَدُّ السَّلاَمِ......

**2. ഉപദ്രവം ഒഴിവാക്കൽ**

അബൂസഈദിൽ ഖുദ്രി (റ)വിൽ നിന്നുള്ള നിവേദനത്തിൽ

قَالُوا: وَمَا حَقُّ الطَّرِيقِ يَا رَسُولَ اللهِ؟ قال:.... وَكَفُّ الأَذَى ...

അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ, എന്താണ് വഴിയുടെ അവകാശം? നബി (സ്വ) പറഞ്ഞു:.... ഉപദ്രവം ചെറുക്കുക.... (ബുഖാരി)

**3. ദൃഷ്ടി താഴ്ത്തൽ**

**അബൂത്വൽഹഃ (റ) വിൽ നിന്നുള്ള ഹദീഥ്**

**....**فَأَدّوا حَقّهَا: غَضّ البَصَرِ .....

എന്നാൽ നിങ്ങൾ വഴികൾക്ക് അതിന്റെ അവകാശങ്ങൾ നൽകുക. ദൃഷ്ടി താഴ്ത്തുക. (മുസ്ലിം)

**അബൂസഈദിൽഖുദ്രി (റ) വിൽ നിന്ന് നിവേദനം:**

وَمَا حَقُّ الطَّرِيقِ يَا رَسُولَ اللهِ؟ قال: غَضُّ البَصَرِ.... (بخاري)

**അലി (റ) വിനോട് നബി (സ്വ) പറഞ്ഞു;**

ابن بريدة عن أبيه قال: قال رسول الله صلى الله عليه وسلم قال: «يَا عَلِيُّ، لَا تُتْبِعِ النَّظْرَةَ النَّظْرَةَ، فَإِنَّ لَكَ الْأُولَى، وَلَيْسَتْ لَكَ الْآخِرَةُ**..**

**വിശ്വാസികളോടുള്ള കൽപന**

قُلْ لِلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ (النور: ٣٠)

**നോട്ടം കണ്ണിന്റെ വ്യഭിചാരമാണ്.**

عَنْ أَبِي هُرَيْرَةَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ كُتِبَ عَلَى ابْنِ آدَمَ نَصِيبُهُ مِنْ الزِّنَا مُدْرِكٌ ذَلِكَ لَا مَحَالَةَ فَالْعَيْنَانِ زِنَاهُمَا النَّظَرُ وَالْأُذُنَانِ زِنَاهُمَا الِاسْتِمَاعُ وَاللِّسَانُ زِنَاهُ الْكَلَامُ وَالْيَدُ زِنَاهَا الْبَطْشُ وَالرِّجْلُ زِنَاهَا الْخُطَا وَالْقَلْبُ يَهْوَى وَيَتَمَنَّى وَيُصَدِّقُ ذَلِكَ الْفَرْجُ وَيُكَذِّبُهُ (مسلم)

**4. നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും**

അബൂസഈദിൽഖുദ്രി (റ) വിൽ നിന്ന് നിവേദനം:

قَالُوا وَمَا حَقُّ الطَّرِيقِ يَا رَسُولَ اللهِ؟ قال.... وَالأَمْرُ بِالمَعْرُوفِ وَالنَّهْيُ عَنِ الـمُنْكَرِ

അവർ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, എന്താണ് വഴിയുടെ അവകാശം? നബി (സ്വ) പറഞ്ഞു: നന്മ കൽപിക്കുക, തിന്മ വിരോധിക്കുക. (ബുഖാ രി)

- **പ്രബോധനത്തിന്റെ മഹത്വം**

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ دَعَا إِلَى هُدًى كَانَ لَهُ مِنْ الْأَجْرِ مِثْلُ أُجُورِ مَنْ تَبِعَهُ لَا يَنْقُصُ ذَلِكَ مِنْ أُجُورِهِمْ شَيْئًا وَمَنْ دَعَا إِلَى ضَلَالَةٍ كَانَ عَلَيْهِ مِنْ الْإِثْمِ مِثْلُ آثَامِ مَنْ تَبِعَهُ لَا يَنْقُصُ ذَلِكَ مِنْ آثَامِهِمْ شَيْئًا (مسلم)

عَنْ أَبِي مَسْعُودٍ الْأَنْصَارِيِّ قَالَ: أَتَى النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ دَلَّ عَلَى خَيْرٍ فَلَهُ مِثْلُ أَجْرِ فَاعِلِهِ

- പ്രബോധനത്തിന് വഴികളിൽ ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കുക.
- വഴി യാത്രക്കാരെ നാം കാണുന്നു.

**5. നല്ലതു പറയൽ**

അബൂത്വൽഹഃ (റ) വിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്:....

فَأَدّوا حَقَّهَا:... وَحُسْنُ الكَلاَمِ

വാക്കുകളെ നാം ശ്രദ്ധയോടെ കൈകാര്യം ചെയ്യണം.

قال علي بن بكار رحمه الله تعالى: (جعلَ اللهُ تعالى لِكُلِّ شيءٍ بابين، وجعلَ للسان أربعةَ أبوابٍ: فالشفتانِ مِصْرَاعان، والأسنانُ مِصْرَاعَان

നാവിന് നാല് വാതിലുകൾ (ആവശ്യമാണെങ്കിൽ മാത്രം തുറക്കുക)

قال عمرو بن العاص رضي الله عنه: الكلامُ كالدَّواءِ، إنْ أقْلَلْتَ مِنهُ نَفَعَ، وإنْ أكْثَرتَ منه قَتَلَ

സംസാരം മരുന്ന് പോലെയാണ്. സംസാരം കുറച്ചാൽ നിനക്ക് ഉപകാരമായിരിക്കും. കൂടിയാൽ അത് നിന്നെ കൊല്ലും.

قال شميط بن عجلان رحمه الله تعالى: (يابنَ آدم، إنّكَ ما سَكَتَّ فأنتَ سالمٌ فإذا تكلَّمتَ فَخُذْ حِذْرَكَ: إمّا لكَ وإمّا عليكَ

നീ മിണ്ടാതിരുന്നാൽ സുരക്ഷിതനാണ്. സംസാരിക്കുകയാണെങ്കിൽ സൂക്ഷിക്കണം. ഒന്നുകിൽ അത് നിനക്ക് അനുകൂലമായിരിക്കും. അല്ലെങ്കിൽ എതി രായിരിക്കും.

**6. വഴി അറിയിക്കലും വഴിയുടെ അവകാശമാണ്.**

അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം

وَإِرْشَادُ السَّبِيلِ..... വഴി അറിയിക്കുക....

ഉമർ (റ) വിൽ നിന്നുള്ള നിവേദം

وَتَهْدُوا الضَّالَّ. വഴി തെറ്റിയവനു നിങ്ങൾ വഴി കാണിക്കുക.

വഴി തെറ്റിച്ചു പറയുക എന്നത് ചിലരുടെ ഹോബിയാണ്. അതിൽ സന്തോഷം കണ്ടെത്തുന്നവർ.

**7. വഴിയിൽ കുഴപ്പമുണ്ടാക്കരുത്.**

وَلَا تَقْعُدُوا بِكُلِّ صِرَاطٍ تُوعِدُونَ وَتَصُدُّونَ عَنْ سَبِيلِ اللَّهِ مَنْ آمَنَ بِهِ وَتَبْغُونَهَا عِوَجًا (الأعراف: ٨٦)

സമരങ്ങളും ഹർത്താലുകളും നമ്മുടെ നാട്ടുകളിൽ നടക്കുമ്പോൾ എന്തെല്ലാം കുഴപ്പമാണ് ആളുകൾ ഉണ്ടാക്കാറുള്ളത്?

**8. ഉപദ്രവം നീക്കൽ സ്വദഖയാണ്.**

أَبِي بَرْزَةَ قَالَ: قُلتُ: يَا نَبِيَّ اللَّهِ، عَلِّمْنِي شَيئًا أَنتَفِعُ بِهِ؟ قَالَ: اعْزِلِ الْأَذَى عَنْ طَرِيقِ الْمُسْلِمِينَ

ഈമാനിന് എഴുപതിൽ പരം ശാഖകൾ

أبي هريرة: أن النبي صلى الله عليه وسلم قال: «الْإِيمَانُ بِضْعٌ وَسَبْعُونَ، أَوْ بِضْعٌ وَسِتُّونَ شُعْبَةً، فَأَفْضَلُهَا قَوْلُ: لَا إِلَهَ إِلَّا اللَّهُ، وَأَدْنَاهَا إِمَاطَةُ الْأَذَى عَنِ الطَّرِيقِ، وَالْحَيَاءُ شُعْبَةٌ مِنَ الْإِيمَانِ

അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം.

.....وَيُمِيطُ الْأَذَى عَنْ الطَّرِيقِ صَدَقَةٌ

**ഉപദ്രവം നീക്കുന്നതിന്റെ മഹത്വം**

ആഇശാ (റ) യിൽ നിന്നുള്ള നിവേദനത്തിൽ, നരകത്തിൽ നിന്ന ശരീരത്തെ സംരക്ഷിക്കുവാനുള്ള കർമ്മങ്ങളെ നബി (സ്വ) എണ്ണിയ കൂട്ടത്തിൽ ഇപ്രകാരം പറഞ്ഞു:

...وَعَزَلَ حَجَراً عَنْ طَرِيقِ النَّاسِ، أَوْ شَوْكَةً أَوْ عَظْماً عَنْ طَرِيقِ النَّاسِ ... فَإِنَّهُ يَمْشِي يَوْمَئِذٍ وَقَدْ زَحْزَحَ نَفْسَهُ عَنْ النَّارِ

ജനങ്ങളുടെ വഴിയിൽ നിന്നും കല്ല് നീക്കിയിടുകയോ മുള്ളോ എല്ലോ എടുത്തു മാറ്റുകയോ... ചെയ്യുവൻ അവന്റെ ശരീരത്തെ നരകത്തിൽ നിന്നും തെറ്റിച്ചു കൊണ്ടാണ് (സംരക്ഷിച്ചു കൊണ്ടാണ്) നടന്നു കൊണ്ടിരിക്കുന്നത്. (മുസ്ലിം)

**ഉപദ്രവങ്ങൾ നീക്കുന്നവർക്ക് സ്വർഗം**

അബൂഹുറയ്റഃ (റ) വിൽ നിന്ന് നിവേദനം. നബി (സ്വ) പറഞ്ഞു:

لَقَدْ رَأَيْتُ رَجُلاً يَتَقَلَّبُ فِي الْجَنَّةِ فِي شَجَرَةٍ قَطَعَهَا مِنْ ظَهْرِ الطَّرِيقِ، كَانَتْ تُؤْذِي النَّاسَ

തീർച്ചയായും ഒരു വൃക്ഷം കാരണത്താൽ സ്വർഗത്തിൽ വിഹരിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു, അയാൾ, ജനങ്ങൾക്ക് പ്രയാസമായിക്കൊണ്ട് വഴിയിൽ നിന്നിരുന്ന ആ വൃക്ഷത്തെ മുറിച്ചു മാറ്റി. (മുസ്ലിം)

**9. മലമൂത്ര വിസർജനം വഴികളിൽ പാടില്ല.**

اتَّقُوا الْمَلَاعِنَ الثَّلَاثَةَ الْبَرَازَ فِي الْمَوَارِدِ وَقَارِعَةِ الطَّرِيقِ وَالظِّلِّ

ശപിക്കപ്പെട്ട മൂന്നു കാര്യങ്ങളെ സൂക്ഷിക്കുക: ഉറവുകൾക്കു സമീപവും, വഴിയി ലും, (മനുഷ്യൻ വിശ്രമിക്കുന്ന) തണലിലും വിസർജ്ജിക്കുന്നത്.

**10. ആവശ്യക്കാരെ സഹായിക്കുക**

വഴിയുടെ അവകാശങ്ങളറിയിക്കുന്ന ഉമർ (റ) വിൽ നിന്നുള്ള നിവേദനത്തി ൽ ഇപ്രകാരം കൂടിയുണ്ട്:

...وَتُغِيثُوا الْمَلْهُوفَ....ബുദ്ധിമുട്ടുന്നവരെ സഹായിക്കുക.

- അബൂഹുറൈറ (റ) ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്.

كُلَّ يَوْمٍ يُعِينُ الرَّجُلَ فِي دَابَّتِهِ يُحَامِلُهُ عَلَيْهَا أَوْ يَرْفَعُ عَلَيْهَا مَتَاعَهُ صَدَقَةٌ

ഒരു വ്യക്തിയെ തന്റെ വാഹനപ്പുറത്ത് വഹിച്ചുകൊണ്ട് സഹായിക്കുന്ന ഒരോ ദിവസവും സ്വദക്വഃയാണ്. അല്ലെങ്കിൽ അതിന്മേൽ അയാളുടെ ചരക്ക് കയറ്റുന്നതും സ്വദക്വഃയാണ്... ..(ബുഖാരി)

- റോഡിലൂടെ സഞ്ചിരിക്കുന്ന ആളുകൾക്ക് വേണ്ടി വെള്ളം തയ്യാറാക്കി വെച്ചവർ.

**11. വഴിയിൽ ഉറങ്ങരുത്**

- നബി (സ്വ) പറഞ്ഞു;

... وَإِذَا عَرّسْتُمْ بِاللّيْلِ، فَاجْتَنِبُوا الطّرِيقَ، فَإِنّهَا مَأْوَى الهَوَامّ بِاللّيْلِ

നിങ്ങൾ യാത്രാമദ്ധ്യേ രാത്രിയിൽ ഉറങ്ങുകയായാൽ വഴി ഒഴിവാക്കുക. കാര ണം രാത്രിയിൽ വഴി ഇഴജന്തുക്കളുടെ അഭയസ്ഥാനമാകുന്നു. (മുസ്ലിം)

---

- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൫൦൭൭൨൭൨൨൪൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.